LIBRARY ARCHIVES Kerala Legislative Assembly

ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതി

225 (2780) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനോടകം ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ ; അതിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുക എത്രയാമെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തല താലൂക്കിൽ ഇതിനോടകം എത്ര കുടിവെള്ള കണക്ഷനുകൾ നൽകി എന്നത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ജപ്പാൻ കുടിവെള്ള പൈപ്പ് ലൈനുകൾ പൊട്ടുകയും റോഡുകളും വീടുകളും തകരുകയും കൃഷിയും മറ്റും നശിക്കുകയും നിത്യസംഭവമാക്കുന്നത് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ ഇതിന് കാരണക്കാരായ വർക്കെതിരെ ഈ സർക്കാർ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ; ഇവരിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിയ തുക എത്രയാണ് ?

ഉത്തരം

(എ) ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനോടകം 434.50 കോടി രൂപ ചെലവഴിച്ചു. അതിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുക 64.54 കോടി രൂപയാണ്.

(ബി) ചേർത്തല താലൂക്കിൽ ഇതിനോടകം നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത്/മുനിസിപ്പിലാറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

നമ്പർ	പഞ്ചായത്ത്/മുനിസിപ്പാലിറ്റി	കുടിവെള്ള കണക്ഷനുകളുടെ എണ്ണം
(1)	(2)	(3)
1	പള്ളിപ്പുറം	1120
2	തൈക്കാട്ടുശ്ശേരി	1724
3	പാണാവള്ളി	1676

(1)	(2)	(3)
4	അരൂക്കുറ്റി	1968
5	പെരുംബളം	271
6	മുഹമ്മ	805
7	കഞ്ഞിക്കുഴി	398
8	തണ്ണീർമുക്കം	1869
9	മാരാരിക്കുളം വടക്ക്	691
10	ചേർത്തല തെക്ക്	1148
11	കടക്കരപ്പള്ളി	1178
12	വയലാർ	925
13	പട്ടണക്കാട്	1428
14	ഇറവൂർ	1556
15	കുത്തിയതോട്	1625
16	കോടംതുരുത്ത്	1729
17	എഴുപുന്ന	2238
18	അരൂർ	3520
19	ചേർത്തല മുനിസിപ്പാലിറ്റി	2572
	ആകെ	28441

LIBRARY ARCHIVES Kerala Legislative Assembly

(സി) പൈപ്പുകൾ പൊട്ടി നാശനഷ്ടം ഉണ്ടാകുമ്പോൾ ജലഅതോറിറ്റി ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, റവന്യൂ അധികൃതർ, എം.എൽ.എ.-മാർ, എം.പി.-മാർ തുടങ്ങിയ ജനപ്രതിനിധികൾ പ്രസ്തുതസ്ഥലം പരിശോധിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും നഷ്ടപരിഹാരം നൽകിവരികയുംചെയ്യുന്നു. പൈപ്പ് പൊട്ടലിന്റെകാരണത്തെ സംബന്ധിച്ച വിഷയം അന്വേഷണ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുമ്പോൾമാത്രമേ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുള്ളൂ.

എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി

226 (2781) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളം ലഭ്യമല്ലാത്തവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് മൊത്തം എത്രയുക ചെലവ് വരും ; തന്നാണ്ടിലെ ബജറ്റിൽ അതിനായി എത്ര യുക വകയിരുത്തിയിട്ടുണ്ട് ; വകയിരുത്തപ്പെട്ടയുകയിൽ ഇതിനകം ബജനാവിൽ നിന്നും ചെലവായതെത്ര ;

(സി) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം ഏത് തീയതിക്കകം കൈവരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ 30 ശതമാനം ആളുകൾക്കാണ് പൈപ്പുവഴി കുടിവെള്ളം നൽകുവാൻ സാധിക്കുന്നത്. തുടങ്ങിവച്ച പണികൾ പൂർത്തിയാകുമ്പോൾ ഇത് 60 ശതമാനം ആകുമെന്ന് കണക്കാക്കിയിരിക്കുന്നു. എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly